## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3583** **17.10.2011 -ൽ മറുപടിക്ക്**

### ശബരിമല തീർത്ഥാടകർക്ക് സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി:<br>,,എ.പി. അബ്ദുള്ളക്കുട്ടി:<br>,,ഷാഫി പറമ്പിൽ:<br>,, സണ്ണി ജോസഫ്: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. ഡോക്ടർമാരുൾപ്പെടുന്ന 1200 ജീവനക്കാരെ ടേൺ അടിസ്ഥാനത്തിൽ അപ്പാച്ചിമേട്, സന്നിധാനം, പമ്പ, നീലിമല, നിലക്കൽ, എരുമേലി തുടങ്ങിയ സ്ഥലങ്ങളിലെ ഡിസ്പെൻസറികളിൽ ശബരിമല തീർത്ഥാടന സീസണിൽ മുഴുവനായും നിയമിക്കുന്നതാണ്. തീർത്ഥാടകർക്കായി താഴെപറയുന്ന ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾകൂടി ഏർപ്പെടുത്തുന്നതാണ്. കാർഡിയാക് ഐ.സി.യു കെയർ സെന്ററുകൾ (പല കേന്ദ്രങ്ങളിലായി), ഓപ്പറേഷൻ തീയേറ്റർ സൗകര്യങ്ങൾ, മൊബൈൽ ക്ലിനിക്കുകൾ, ഓക്സിജൻ പാർലറുകൾ, റെഫറൽ ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ (എച്ച്1 എൻ 1 പനി, കൊതുകു ജന്യരോഗങ്ങൾ, ജലജന്യ രോഗങ്ങൾ മുതലായവ ) കൂടാതെ എല്ലാ ശബരിമല സീസൺ കാലത്തും പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ശുചീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് നേതൃത്വം നൽകുന്നതാണ്. ശബരിമലയിലെ വിവിധ കേന്ദ്രങ്ങളിൽ സീസൺ തുടങ്ങുന്നതോടെ കാർഡി യോളജി, ജനറൽ മെഡിസിൻ, അനസ്തേഷ്യ, സർജറി, ഓർത്തോ പീഡിക്സ് തുടങ്ങിയവയിൽ സ്പെഷ്യ ലൈസ് ചെയ്ത ഡോക്ടർമാരെ നിയമിക്കുന്നതാണ്. |
| (ബി) | ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ആരോഗ്യ വിദഗ്ദരുടെ സേവനം ഇവിടെ ലഭ്യ മാക്കുമോ; | (ബി) | ഈ വർഷത്തെ ശബരിമല സീസണിൽ ബാംഗ്ളൂർ നാരായണ ഹൃദയാലയ ആശുപത്രിയിലെ ഡോക്ടർമാർ ഓരോ ടീമായി മാറി മാറി വരുമെന്നറിയിച്ചിട്ടുണ്ട്. ആന്ധ്ര പ്രദേശിൽ നിന്ന് ഡോക്ടർമാരെ എത്തിക്കാമെന്ന് ആന്ധ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | ശബരിമലയിൽ സേവനം ചെയ്യുന്നതിന് താല്പര്യ മുള്ള ആരോഗ്യവിദഗ്ദ്ധ ർക്ക് രജിസ്റ്റർ ചെയ്യുന്ന തിനും തീർത്ഥാടന കാലത്ത് ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശ ങ്ങളും ഓൺലൈനായി നൽകുന്നതിനും വെബ്സൈറ്റ് ആരംഭി ക്കുമോ; വിശദമാക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ